ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്
കേരള സർക്കാർ
ബിൽഡിംഗ് നമ്പർ – 32, ശാന്തി നഗർ, തിരുവനന്തപുരം – 695001
ഫോൺ – 0471 2339266/2331080 ഇ – മെയിൽ: mail.inpa@gmail.com
Website: www.ipaffairs.org

**2024–25 അധ്യയന വർഷം സംസ്ഥാനത്തെ സർവകലാശാലകളിലെ പഠന വകുപ്പുകളിൽ നിന്നും ദ്വിദിന ദേശീയ സെമിനാറുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.**

പാർലമെന്ററികാര്യ വകുപ്പിന് കീഴിലെ സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്, 2024–25 അക്കാദമിക വർഷം കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും ദ്വിദിന ദേശീയ സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് വേണ്ടി അപേക്ഷ ക്ഷണിക്കുന്നു.

**പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ**

1. സെമിനാർ നടത്തുന്നതിനായി താഴെപ്പറയുന്ന ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുക്കാവുന്നതാണ്.
    1. *ജനാധിപത്യം, മതനിരപേക്ഷത, സാമൂഹ്യ നീതി*
    2. *ഇന്ത്യൻ ജനാധിപത്യത്തിന്റെ നിലനിൽപ്പ് : ഭരണഘടനയുടെ പ്രസക്തി*
    3. *പാർലമെന്ററി സംവിധാനവും തെരഞ്ഞെടുപ്പുകളും*
    4. *അധികാര വികേന്ദ്രീകരണം : കേരളം മാതൃക*

2. അക്കാദമിക കമ്മിറ്റിയുടെ പരിശോധനകൾക്ക് ശേഷം സെമിനാർ സംഘടിപ്പിക്കുവാനായി തെരഞ്ഞെടുത്ത വകുപ്പുകളുടെ വിശദാംശങ്ങൾ www.ipaffairs.org എന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

3. സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച എല്ലാ വിഷയ വിദഗ്ധരുടെയും ലേഖനങ്ങൾ (നിശ്ചിത മാതൃകയിൽ) അന്തിമ റിപ്പോർട്ടിനൊപ്പം നൽകേണ്ടതാണ്.

4. എല്ലാ വിഷയ വിദഗ്ധരുടെയും നിശ്ചിത മാതൃകയിലുള്ള ലേഖനങ്ങൾ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ സ്ഥാപനങ്ങൾക്കുള്ള അന്തിമ ഫണ്ട് അനുവദിക്കുകയുള്ളൂ.

5. ദ്വിദിന സെമിനാറുകൾക്ക് അനുവദിക്കുന്ന പരമാവധി തുക 75,000/– രൂപ ആയിരിക്കും.

6. സെമിനാർ സംഘടിപ്പിക്കുവാൻ തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യപ്പെടുന്ന പക്ഷം 40 ശതമാനം വരെ സെമിനാർ ഫണ്ട് മുൻകുറായി നല്കുന്നതാണ്. ബാക്കി തുക അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിച്ചതിനു ശേഷം അനുവദിക്കുന്നതാണ്.

7. തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്കുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് നല്കുന്നതാണ്.

8. ദ്വിദിന സെമിനാറിനായി ഒരു സർവ്വകലാശാലയിൽ നിന്നും ഒരു വകുപ്പിനെ മാത്രമായിരിക്കും തെരഞ്ഞെടുക്കുക.

9. **2025 ഫെബ്രുവരി 28** നകം സെമിനാർ സംഘടിപ്പിക്കേണ്ടതാണ്.

10. ഒരു അധ്യാപകൻ/അധ്യാപികയെ സെമിനാർ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതും പ്രസ്തുത കോ-ഓർഡിനേറ്ററുടെ വിശദാംശങ്ങൾ, സെമിനാർ വിഷയം, പ്രസക്തി, സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്ന തീയതി, സെമിനാറിൽ പങ്കെടുക്കുമെന്ന് ഉറപ്പ് ലഭിച്ച അക്കാദമിക വിദഗ്ധരുടെ വിശദാംശങ്ങൾ എന്നിവ അടങ്ങിയ 4 പേജിൽ കവിയാത്ത പ്രൊപ്പോസൽ **2024 ഡിസംബർ 20-ന് വൈകുന്നേരം 5 മണിക്ക്** മുൻപായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ ഹാർഡ് കോപ്പി രജിസ്റ്റാർ മുഖാന്തരം ഇൻസ്റ്റിറ്റ്യൂട്ടിന് നല്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഡോ. ബിവീഷ് യു.സി
ഡയറക്ടർ ജനറൽ

വിശദാംശങ്ങൾക്ക്:
ഡോ.ഗോപികൃഷ്ണ സി.വി (റിസർച്ച് ഫെലോ)
മൊബൈൽ നമ്പർ 8907418831